# നീനു..ഉണ്ടക്കണ്ണി II

by [vinuxavier]™ : www.vinuxavier.com

::. സീന്‍ ഒന്ന് : ക്യാമറ റോള്‍ : ആക്ഷന്‍ .::

“പണി പാളുമോഡേ..ആ വിനുസേവ്യര്‍ എങ്ങാനും നമ്മക്കെതിരെ കേസ് കൊടുക്കോ?..”

“ഏയ്.. അവനെ ഞാന്‍ കണ്ടിട്ടുള്ളതാഡെ.. ഒരു മന്ദിപ്പ്.. തണുഗുണു ടൈപ്പ്.. എന്നും വൈന്നേരം ആകുമ്പോ നമ്മട ജോസേട്ടന്റെ അവിടെ രണ്ടുകിലോ ചോറും ഡബിളോംലേററും വെട്ടാന്‍വേണ്ടി വരുന്നത് കാണാറുണ്ട്..”

“എന്നാലും നമ്മ കാണിക്കുന്നതില് ഒരു മര്യാദകേട് ഇല്ലേഡെ.. നമ്മക്ക് ഒരു കാര്യം ചെയ്യാം .. നമ്മടെ ഷോര്‍ട്ട് ഫിലിമില്‍ ടൈററില്‍സ് എഴുതികാണിക്കുമ്പോ , മൂലകഥ വിനുസേവ്യര്‍ എന്നു കൊടുക്കാം .. വേണമെങ്കില് അവന്റെ ബ്ളോഗിന്റെ ലിങ്കും കൊടുക്കാം.. പാവത്തിനു കുറച്ച് ക്ളിക്ക് കിട്ടട്ടെ..!..”

“ഗിഫി..! ആ വഴി എത്ര ക്ളിക്ക് കിട്ടുമെന്നു കണ്ടറിയണം..! “

“ഇതാണ്..! ഒരു നല്ല കാര്യം ചെയ്യാനിറങ്ങുമ്പ തന്നെ അതൊന്നു പൊളിഞ്ഞുകാണാന്‍ ആഗ്രഹവുമായി കൊറേ അലവലാധികള് വന്നോളും..! നീ നോക്കിക്കോ മോനെ..ഈ ഷോര്‍ട്ട്ഫിലിം സൂപ്പര്‍ഹിററ് ആയിക്കഴിഞ്ഞാ സംവിധായകന്‍ എന്ന നിലയില്‍ പിന്നെ ഞാന്‍ ആരാ ..!”

“അളി, ക്യാമറമേന്‍ എന്ന നിലയില്‍ എന്നെയും ഒന്നു ഹിററ് ആക്കിത്തരണം ! കൊറേ പൈസ ഉണ്ടാക്കിയിട്ടുവേണം എനിക്കൊന്നു ധൂര്‍ത്തടിച്ച് ജീവിക്കാന്‍..”

“ഒ! നിന്റെ ധൂര്‍ത്തടിയുടെ കാര്യം പറഞ്ഞപ്പഴാ.. നീ കഴിഞ്ഞമാസത്തെ വാടകയുടെ ഷെയര്‍ ഇതുവരെ തന്നിട്ടില്ല. എനിക്ക് താമാസിക്കാന്‍ വേണ്ടി മാത്രമാണ് മുനിറെഡ്ഡിച്ചേട്ടന്‍ ഈ ഒററമുറി വാടകയ്ക്ക് തന്നിട്ടുള്ളത് ..അതില്‍ നിന്നെ കയററി താമസിപ്പിച്ചത് എന്റെ ഔദാര്യം കൊണ്ടുമാത്രമാണ്.. നീ ഇവിടെ ജീവിച്ചിരുന്നു എന്നതിനു ഒരു തെളിവും അവശേഷിപ്പിക്കാതെ എന്നുവേണമെങ്കിലും പുറത്താക്കാന്‍ ഞാന്‍ വിചാരിച്ചാല്‍ പററും ..! എന്നെക്കൊണ്ടത് വിചാരിപ്പിക്കരുത്..! “

“ഒന്നു പോയേടെക്കൊ..നന്നി വേണമെടാ.. മുനിറെഡ്ഡിച്ചേട്ടന്‍ വാടക മേടിക്കാന്‍ വരുന്ന സമയം ഞാന്‍ കഷ്ടപ്പെട്ടു കക്കൂസിലും കട്ടിലിന്റെ അടിയിലും ഒക്കെ കേറി ഒളിച്ചിരിക്കുന്നത്

കൊണ്ടാണ് പുള്ളി ഇപ്പഴും പഴേ വാടകയ്ക്ക് നിന്നെ ഇവിടെ താമസിപ്പിച്ചിരിക്കുന്നത്. രണ്ടാളുണ്ടെന്നറിഞ്ഞാ വാടക എപ്പ ഡബിളാക്കിയെന്നു ചോദിച്ചാ മതി ..!"

"ഇതിലും ഭേദം അതായിരുന്നു ഡെ! ഇതിപ്പ നിന്നേം സഹിക്കണം ..നിന്റേംകൂടി വാടക കൊടുക്കേം വേണം ! ഓൾറെഡി പുള്ളിക്ക് ഇവിടെ ഒരുത്തനും കൂടി ഉണ്ടെന്നു ഡൌട്ട് അടിച്ചിട്ടുണ്ടെന്നു തോന്നുന്നു.."

"അളി, സ്മാരക ബുദ്ധി!.. ഇനി മുതൽ പുള്ളി വരുന്ന ദിവസം ഈ ജനലിൽ തൂക്കിയിട്ടിരിക്കുന്നതിൽ ,എന്റെ ഐറ്റംസ് എടുത്തു മാറ്റിയേക്കാം.. നീ നോക്ക്,ഇതേം എണ്ണം കണ്ടാൽ ഏതവനായാലും ഡൌട്ട് തോന്നും ഇവിടെ ഒന്നിലധികം പേർ ഉണ്ടെന്നു..!"

"ഏയ്.. നാലണ്ണം ഒക്കെ സാധാരണയാടെ.."

"ഛായാഗ്രഹണം ..ആദർഷ് താരാമസി .."

"ങെ! അതാരാഡേ?."

"അളി ,ഞാൻ സ്വീകരിക്കാൻ ഉദ്ദേശിച്ചിരിക്കുന്ന തൂലികാനാമം ആണ്.. നീ ഇതു നമ്മടെ ഷോർട്ട്ഫിലിമിൽ ഒരു അഞ്ചാറ് തവണയെങ്കിലും കുത്തിക്കയറ്റണം! തലങ്ങും വിലങ്ങും ഓടണം..!

"ബെസ്റ്റ്! കൂടുതൽ കാച്ചി ആയ നെയിം നിന്റെ സ്വന്തം പേര് തന്നെയാഡെ.. കൊതൻ കുണ്ടന്നൂർ.. അരേ വാൾ.."

"പട്ടി, പണിയരുത്.. മനീഷ് വൈററില ന്നു മതി.. മറേ സ്ഥലപ്പേര് മിണ്ടിപ്പോകരുത്.."

::.. കട്ട് പ്യാക്കപ്പ് ..::

::... സീൻ രണ്ട് : ക്യാമറ ഉരുൾ : ആക്ഷൻ.. ...::

"അളി,ഇന്നു ഷൂട്ടിങ്ങ് കാണാൻ ആ രൂപേഷും അവന്റെ റൂംമേറ് ഒരുത്തനും ഇല്ലേ..? അവന്മാരും കൂടെ വന്നോട്ടേന്ന് ചോദിക്കാൻ പറഞ്ഞ്..."

"ഡ്യാ..നീയിത് മൊത്തം ഫ്ളാഷാക്കിയാ.. ഒരു പുല്ലനേം അങ്ങോട്ട് കൊണ്ടുവരണ്ട.. ഒന്നാമത് ഞാൻ ഡയറക്ഷൻ ചെയ്യുമ്പോ നാട്ടുകാരു കേറി ഓരൊ അഭിപ്രായം പറയുന്നത്..എനിക്ക് കലിവരും അന്നേരം.. പിന്നെ..തെർമോക്കോളില് ലൈററ് അടിച്ചുപിടിക്കാൻ വേറെ സ്റ്റാന്റ് ഇല്ല എന്ന ഒററക്കാരണം കൊണ്ടാണ് നിന്നെയൊരുത്തനെ അങ്ങോട്ട് കൊണ്ടുപോകുന്നത് തന്നെ..! "

“തകർച്ച! അളി, അപ്പോ ഞാൻ യൂററ്യൂബ് നോക്കി കഷ്ടപ്പെട്ടു പഠിച്ച ക്യാമറ ആംഗിൾസ്.. ങ്! എങ്ങനെയൊക്കെ മൂടിവെയ്ക്കാൻ ശ്രമിച്ചാലും എന്നിലെ യഥാർത്ത കലാകാരൻ ഒരിക്കൽ മറനീക്കി പുറത്തുവരും.”

“വാവ്! കട്ട ഡയലോഗ്..അടുത്ത തിരക്കഥയിൽ തിരുകി കയററണം !

“ങെ! താങ്ക്യൂ, താങ്ക്യൂ! അളി നായിക ആരാഡെ, ഒരുത്തി പോലും സമ്മതിക്കുന്നുണ്ടായിരുന്നില്ലല്ലൊ! അതേയ്, അതൊക്കെ ചോദിക്കേണ്ടവര് തന്നെ ചോദിക്കണം!”

“നമ്മടെ കൂടെ ടെയ്രിനിങ്ങ് ബ്യാച്ചിലുണ്ടായിരുന്ന ആ റോഷനില്ലേ.. അവന്റെ ഒരു ലൈൻകേസ് തുഷാര എന്നു പറയുന്ന ഒരുത്തിയുണ്ട്.. ഇവൻ ഒരു വിധത്തിൽ അവളെപ്പറഞ്ഞു സമ്മതിപ്പിച്ചിട്ടുണ്ട്.. എന്നാലും മറേറ ആ വിനൂസേവ്യറിന്റെ കൺസെപ്ററിലെ ആ നീനു ആയിട്ടില്ല ഇവള്! ഇതൊരുമാതിരി കഷണലുക്ക്!”

“അളി, എങ്കി ഞാൻ ഒരു കോട്ടൺചുരിദാറിട്ടു മുടി സ്ടെയ്രിററൻ ചെയ്ത് പോണിടെയില് കെട്ടി ഇരുന്നാമതിയാ? പുറംതിരിഞ്ഞു ഇരുന്നു ഡയലോഗ് പറഞ്ഞാപ്പോരെ? ..”

“ഏയ്..അതുപററില്ലാ..നീ ഇല്ലെങ്കിൽ തെർമ്മോക്കോൾ..അതിനുപിന്നെ ആരുണ്ട് ??”

“ങേ! ഡെസ്പ്! എന്നാലും നായകനായിട്ട് നീയാ ഹിന്ദിക്കാരനെ എടുത്തത് ശെരിയായില്ല! അവന് ലുക്ക് ഉണ്ട് സമ്മതിച്ച്.. പക്ഷേ കഥാപാത്രത്തിനു അനുയോജ്യൻ ആ വിനൂസേവ്യർ തന്നെയാണ്.. അവനാകുമ്പോ ആ ഒരുമാതിരി പ്രേമം പൊളിഞ്ഞു മൂ മൂവഞ്ച് പതിനഞ്ച് ലുക്ക് ഉണ്ടായിരുന്നു..”

“മിണ്ടിപ്പോകരുത്! നീയീ നാട്ടുകാരെ മുഴോൻ അറിയിച്ച് അറിയിച്ച് അതെങ്ങാനും ഇനി ലവൻ അറിഞ്ഞാലോന്നാ എന്റെ ഇപ്പഴത്തെപേടി.. നമ്മടെ ഈ വീഡിയോ ഇറങ്ങി ഒന്ന് ഹിററ് ആയിക്കോട്ടേ മോനെ! നമ്മക്ക് കൊറെ ലഡു ഒക്കെ വാങ്ങി അവന്റെ കാലിൽ വീഴാൻപോകാനുള്ളതാ.. ഹിന്ദിക്കാരന്റെ കാര്യം കൊഴപ്പമില്ല. നമ്മ ഡബ്ബ് ചെയ്യും ,സോറി ഞാൻ ഡബ്ബുചെയ്യും.”

“ഡയറക്ടർ സാറേ..എന്റെ സവുണ്ടിനെങ്കിലും ഒരു ചാൻസ് തായോ!”

“ഒന്നു പോയെഡെക്കോ.. കട്ട്..കട്ട്..കട്ട് പറഞ്ഞാ പിന്നെ മിണ്ടാൻപാടില്ല..”

:::... സീൻ മൂന്നേ.. ക്യാമറ..ആക്ഷൻ..::::

♪♫ നൊനൊനൊനൊനൊനൊ ഷീലാ..ഷീലാക്കി ജെവാനി.. ആംററൂ സെക്സീ.. ♪♫

“തുഷാരാ..പ്ളീസ്..ഷൂട്ടിങ് നടക്കുന്ന സമയം മൊബൈൽ സ്വിച്ചോഫാക്കി വെയ്ക്ക്..”

“ഹെയ്! ദിസീസ് റോഷൻ യാ.. അവൻ വിളിച്ചാ എനിക്ക് ഫോണെടുക്കാൻ പററില്ല..യൂ നൊ.. എനിവേ.. എനികും അട്ട ഇന്റ്റസ്റ്റ് ഒന്നും ഉണ്ടായിട്ടില്ല.. നിങ്ങൾക്ക് വേണ്ടെങ്കി..”

“സോറി സോറി..ഫോണെടുത്തോ..”

“ഹേയ്, റോഷൻ.. സോറി യാ..ഈവെനിങോ.. ഈവെനിങ് അയാം ഫ്രീ യാ..തീയററർ..?ഏതു മൂവി..? ഏതേലും തീയററർ ആയാ മതിയെന്നോ? ഓക്കെയാ.. ഞാൻ വരാവേ.. ഭബൈ!..”

“ങേ, വരാവയോ? എന്തുട്ടാണത് !ശ്..ശ്..അളി, ഇവളുടെ മലയാളം നല്ല അഴകൊഴ ആണല്ലോ.. നമ്മടെ നീനു നല്ല വൃത്തിയായി മലയാളം പറയുന്ന കഥാപാത്രം അല്ലേ..?”

“അതു കൊഴപ്പമില്ലടെ.. ഇവളുടെ ഡയലോഗ്സ് കുറച്ചു വെട്ടിച്ചുരുക്കിയിട്ടുണ്ട്.. പിന്നെ രണ്ടു സീൻ ബ്യാക്കിൽ നിന്നു ഷൂട്ട് ചെയ്യാം.. പിന്നെ ഒരു ഒററ ഡയലോഗേ ഉള്ളൂ.. “ഇനിയെന്നും..വിൻച്ചേട്ടന്റെ സ്വന്തം നീനു..” കോപ്പൻ, കഥയാണെങ്കിലും അവന്റെയൊക്കെ ഓരൊ ആഗ്രഹം കണ്ടില്ലേ..! “

“നീനു..സോറി! തുഷാരാ.. ഞാൻ ഒരു ഡയലോഗ് പറഞ്ഞുതരാം ..അതു നല്ല വ്വിത്തിയായി പ്രണയാതുരയായി ഐ മീൻ വളരെ റൊമാന്റിക്കായി പറഞ്ഞാ തുഷാരയുടെ പകുതി വർക്ക് തീരും..”

♪♫ ഷീലാ..ഷീലാക്കി ജെവാനി.. ആംററൂ സെക്സീ..♪♫

“സോറീയാ..ഇററ്സ് റോഷൻ എഗൈൻ.. ഹേയ്..ഹെലോ..”

“മോനേ..കൊതാ.. ഞാനീ ക്യാമറേം നീയീ തെർമ്മോക്കോളും പിടിച്ച് ഈ നിൽപ്പ് മാത്രേ ഉണ്ടാകൂ.. ധിപ്പത്തന്നെ ഉച്ചയാകും, ഇതുവരെ ഒരൊററ ഷോട്ട്പോലും എടുത്തിട്ടില്ല! .. അല്ല! നീ ആ തെർമ്മോക്കോള് നെലത്തു വല്ലോടുത്തും വെക്കഡെ.. ആവശ്യമുള്ളപ്പോ എടുത്ത് പൊക്കിപ്പിടിച്ചോണ്ട് നിന്നാപ്പോരേ !! “

“അതല്ലളീ, ഞാനന്നേ പറഞ്ഞതല്ലേ നമ്മ ചെന്നു ഈ ബൈടു-ഗെററ്തീ ജീന്സൊക്കെ വാങ്ങുമ്പോ സിബ്ബിനൊക്കെ പണികിട്ടാൻ ചാൻസുണ്ടെന്ന്..”

“ങേ,ഡെസ്പ്! “

“അളീ..അഭേ ന്നു വിളിച്ചാ തെറിയാണോടാ.. ആ ഹിന്ദിക്കാരൻ എന്നെ ഇപ്പൊ മൂന്നാലുപ്രാവിശ്യം അഭേന്നു വിളിച്ച്.. അവന്റെ അമ്മേടെ അഭ!!”

“തെറിയൊന്നുമല്ലടെ.. നമ്മ ഇപ്പ ഡ്യാ സുഗേ.. എന്നൊക്കെ വിളിക്കൂല്ലേ..അതുമാതിരി..”

“ശെന്റ പൊന്നോ! ജെനിക്കണമെങ്കില് ഹിന്ദിക്കാരനായിട്ടു ജെനിക്കണം! അവൻ വന്നുകേറിയ പാടെ തുഷാരയെ കേറി ഹെഡ് ചെയ്തു!..ഞാനിതുവരെ അവളോട് ഒരക്ഷരം മിണ്ടിയിട്ടില്ല..അവളാണെങ്കി എന്റെ മൊഹത്തോട്ട് നോക്കുന്നുപോലും ഇല്ല! കമ്പ്ലീററ് ശോകമാണളിയാ!!! “

“ആം സോറീയാ.. റോഷൻ വിളിച്ചതാ.. അവനു ഈവനിങ്ങ് സംതിങ്ങ് അർജൻട് മാററർ.. അതാ ഞാൻ കോൾ പിക് ചെയ്തെ!..വീ കാൻ കണ്ടിന്യൂ ഹാ?”

“പിന്നേ! തീയററിൽ ഇരുട്ടിൽ ചെന്നിരുന്നിട്ടാണ് അവന്റെ ഒരു അർജൻസി..”

“എന്താ..എന്താ..”

“അല്ല..നമ്മ ഷൂട്ട് ചെയ്തത് തീയററിലും കൂടി റിലീസ് ആകുമായിരുന്നെങ്കിൽ എന്നു ഓർത്ത്പോയതാ..”

“ഇല്ല.. ഇല്ല.. ഞാൻ കേട്ടു..”

“തുഷാരാ..അതായത്.. ഒരു ഡയലോഗുണ്ട്..അത് നീ വളരെ റൊമാന്റിക്ക് ആയി പറയണം .. പറയുമ്പോ കണ്ണുകളില് ഒരു നല്ല തെളിച്ചം വരണം.. ഒരു നാണം വേണം.. പിന്നെ കവിളൊക്കെ..”

♪♫പൈതലാം യേശുവേ.ഉമ്മവെച്ചുമ്മവെച്ചുണർത്തിയാ.. ആട്ടിടയാ..♪♫

“ങേ!ഇവളിതിന്റെ ഇടയ്ക്ക് റിംഗ്ടോണും മാററിയാ..!!”

“ഹലോ.. പപ്പാ.. പപ്പേടെ തുഷുമോളാ.. ഞാനിവിടെ..ഞങ്ങളിവിടെ ഒരു ചെറിയ പരിപാടിയിലാണ് പപ്പാ.. ഏ.. ഒരു..ഒരു ഷോർട്ട് ഫിലിം ഷൂട്ട് ചെയ്യുവാ പപ്പാ.. ഏയ്..പപ്പാ.. അങ്ങനത്തെ ഫിലിമൊന്നും അല്ല പപ്പാ.. പപ്പാ.. പ്ളീസ്..ഞാൻ പറയുന്നത് കേക്ക്.. പപ്പാ..പപ്പാ..”

നീനു ഉണ്ടക്കണ്ണി.. കെട്ടിപ്പൂട്ടി.. പ്യാക്കപ്പ്.!